ചോറ്റാനിക്കര പോലീസ് സ്റ്റേഷനിലും കേരളത്തിലെ മറ്റു സ്റ്റേഷനുകളിലുമായി 15 ഓളം പിടിച്ച്പറി കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തു. ആലപ്പുഴ സ്വദേശിയായ അനിൽ കുമാർ (44) നെയാണ് ചോറ്റാനിക്കര പോലിസ് അറസ്റ്റ് ചെയ്തത്. 2015 ൽ ചോറ്റാനിക്കര പോലീസ് സ്റ്റേഷനിലെ നാല് പിടിച്ച്പറി കേസ്സിൽ ജാമ്യം എടുത്ത ശേഷം പോലീസിന് പിടി കൊടുക്കാതെ കേരളത്തിനും പുറത്തുമായി വിവിധ സ്ഥലങ്ങളിൽ ഒളിവിൽ കഴിയുകയായിരുന്നു.